# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :116 11.02.2016 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.എസ്.രാജേന്ദ്രൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. സി.കൃഷ്ണൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന് പൂർത്തീകരിക്കും; നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തതിനു കാരണം അറിയിക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. വിവിധഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ട പട്ടയവിതരണം 14 ജില്ലകളിലും പൂർത്തിയായപ്പോൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 22.08.2015 ൽ നടന്ന രണ്ടാംഘട്ട പട്ടയ വിതരണത്തിൽ ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്ക് കൂടി ഭൂമി നൽകിക്കൊണ്ട് പ്രസ്തുത ജില്ലയിലും പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ സർക്കാർ ഭൂമിയുടെ ദൗർലഭ്യമാണ് പദ്ധതി പൂർത്തിയാക്കാനുള്ള മുഖ്യ തടസ്സമായി കാണുന്നത്. പ്രവർത്തനം 2016 ഡിസംബർ വരെ ദീർഘിപ്പിച്ചുകൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് ശ്രമിച്ചു വരുന്നത്. |

<table>
<tr><td>(ബി)</td><td>പ്രസ്തുത ലക്ഷ്യം കൈവരിക്കാനാകാത്തതിനാൽ തീയതികളിൽ മാറ്റം വരുത്തുകയുണ്ടായോ ; എത്ര തവണ ഇത്തരത്തിൽ മാറ്റം വരുത്തുകയുണ്ടായി; പദ്ധതിയുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കാമോ;</td><td>വിവിധ ഘട്ടങ്ങളായി പട്ടയ വിതരണം നടത്തി വരുന്ന പ്രസ്തുത പദ്ധതിയുടെ കാലാവധിക്ക് മാറ്റം വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ തന്നെ പദ്ധതി പൂർത്തിയായിട്ടുണ്ട്. മറ്റു ജില്ലകളിൽ പ്രവർത്തനം പുരോഗമിച്ച് വരുന്നു. ഫെബ്രുവരി അവസാനവാരത്തിലും മാർച്ച് ആദ്യവാരത്തിലുമായി മറ്റു ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു; യഥാർത്ഥ ഭൂരഹിതരുടെ എണ്ണമെത്രയെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;</td><td>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണവും അവയിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് താഴെചേർക്കുന്നു:-<br>
<table>
<tr><th>ജില്ല</th><th>ലഭിച്ച അപേക്ഷകളുടെ എണ്ണം</th><th>തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>47,340</td><td>35,851</td></tr>
<tr><td>കൊല്ലം</td><td>29,850</td><td>28,591</td></tr>
<tr><td>പത്തനംതിട്ട</td><td>7,532</td><td>6,807</td></tr>
<tr><td>ആലപ്പുഴ</td><td>17,142</td><td>14,163</td></tr>
<tr><td>കോട്ടയം</td><td>10,742</td><td>10,388</td></tr>
<tr><td>ഇടുക്കി</td><td>10,496</td><td>7,970</td></tr>
<tr><td>എറണാകുളം</td><td>43,248</td><td>31,379</td></tr>
<tr><td>തൃശ്ശൂർ</td><td>30,836</td><td>26,776</td></tr>
<tr><td>പാലക്കാട്</td><td>28,524</td><td>23,874</td></tr>
<tr><td>മലപ്പുറം</td><td>25,998</td><td>23,962</td></tr>
<tr><td>കോഴിക്കോട്</td><td>9,070</td><td>8,304</td></tr>
<tr><td>വയനാട്</td><td>6,611</td><td>4,546</td></tr>
</table></td></tr>
</table>

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td>കണ്ണൂർ</td><td>12,184</td><td>11,099</td></tr>
<tr><td>കാസർഗോഡ്</td><td>12,184</td><td>10,218</td></tr>
<tr><td>ആകെ</td><td>2,91,757</td><td>2,43,928</td></tr>
</table>
പദ്ധതിയിലേക്ക് അപേക്ഷ നൽകുന്നതിന് 01.02.2014 മുതൽ 31.03.2014 വരെ വീണ്ടും അവസരം നൽകിയിരുന്നു. കൂടാതെ റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വെ അദാലത്തുകൾ, മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികൾ എന്നിവ മുഖേനയും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകളിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ പൂർത്തിയായിട്ടില്ല.
</td>
</tr>
<tr>
<td>(ഡി)</td>
<td>പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായി; പട്ടയം നൽകിയെന്ന് അവകാശപ്പെടുന്നവരിൽ പലർക്കും ഇതുവരെ അനുവദിക്കപ്പെട്ട ഭൂമി കണ്ടെത്താനായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td>
<td>പദ്ധതി പ്രകാരം 43,437 ഗുണഭോക്താക്കൾക്ക് ഇതുവരെ പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോടതി ഇടപെടലുകൾ മൂലമോ മറ്റ് തർക്കങ്ങൾ മുഖേനയോ അനുവദിക്കപ്പെട്ട ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.</td>
</tr>
<tr>
<td>(ഇ)</td>
<td>ലഭിച്ച ഭൂമി വിദൂരങ്ങളിലായതിനാലും വാസയോഗ്യമല്ലാത്തതിനാലും ഏറ്റെടുക്കാൻ തയ്യാറാകാത്തവരുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td>
<td>ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽതന്നെയാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകി വരുന്നത്. എന്നാൽ അപേക്ഷകരുടെ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ സമീപ വില്ലേജുകളിൽ നിന്നുള്ള ഭൂമി നൽകിയ സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമല്ലാത്തതാണെന്ന് ബോധ്യമാകുന്ന</td>
</tr>
</table>

| | | |
|---|---|---|
| | | കേസുകളിൽ അനുയോജ്യമായ ഭൂമി നൽകാനുള്ള നടപടികൾ എടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |

E.K.V. Kunny
**സെക്ഷൻ ഓഫീസർ**